**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1118.** 10.06.2019 ൽ മറുപടിയ്ക്ക്

**പാലക്കാട്ടെ സ്പിരിറ്റ് കടത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.ടി.ബൽറാം<br>,, അനിൽ അക്കര<br>,, ഷാഫി പറമ്പിൽ<br>,, എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | പാലക്കാട് തത്തമംഗലം കെ.എസ്.ഇ.ബി. ഓഫീസിന് മുന്നിൽ വച്ച് 02.05.19-ൽ കാറിൽ സ്പിരിറ്റ് കടത്തിയതിന് പിടിയിലായ അത്തിമണി സ്വദേശി അനിൽകുമാർ എന്നയാളുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; | (എ) | 01/05/2019 തീയതിയിൽ പാലക്കാട് തത്തമംഗലത്ത് വച്ച് കാറിൽ സ്പിരിറ്റ് കടത്തിയതുമായി ബന്ധപ്പെട്ട് അത്തിമണി സ്വദേശി അനിൽകുമാർ എന്നയാളെ രണ്ടാം പ്രതിയാക്കി ചിറ്റൂർ എക്സൈസ് റേയ്ഞ്ചിൽ ഒരു അബ്കാരി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | എത്ര ലിറ്റർ സ്പിരിറ്റാണ് പിടിച്ചെടുത്തത്; പ്രസ്തുത സ്പിരിറ്റ് ചിറ്റൂർ താലൂക്കിൽ ഉല്പാദിപ്പിക്കുന്ന കള്ളിൽ ചേർക്കുവാനായി കൊണ്ടുവന്നതാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (ബി) | 480 ലിറ്റർ സ്പിരിറ്റാണ് കണ്ടെടുത്തത്. കള്ളിൽ ചേർക്കുവാനാണ് ഈ സ്പിരിറ്റ് കൊണ്ടുവന്നിട്ടുള്ളതെന്ന് കണ്ടെത്തിയിട്ടില്ല. |
| (സി) | ഈ കേസിലെ പ്രസ്തുത പ്രതി ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുടെ ഭാരവാഹിയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. |
| (ഡി) | പ്രതിയെ അറസ്റ്റ് ചെയ്യുന്നതിൽ എന്തെങ്കിലും കാലതാമസം ഉണ്ടായിട്ടുണ്ടോ; | (ഡി) | ഇല്ല. |
| (ഇ) | രാഷ്ട്രീയ സ്വാധീനം മൂലമാണ് പ്രതിയെ സംഭവ ദിവസം തന്നെ അറസ്റ്റ് ചെയ്യാതിരുന്നത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**